## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട**
**നിയമസഭാ ചോദ്യം നം.*94**

**29/09/2016 ൽ**
**മറുപടിയ്ക്ക്**

## കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി

**ചോദ്യം**

**ശ്രീ.വി.ജോയി**
**ശ്രീമതി.പി.അയിഷാ പോറ്റി**
**ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ**
**ശ്രീ.എം.മുകേഷ്**

**ഉത്തരം**

**മെഴ്സിക്കുട്ടി അമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കീഴിലുള്ള ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (എ) | കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് കീഴിലുള്ള 30 ഫാക്ടറികൾ 2015 സെപ്റ്റംബർ മാസം മുതൽ പ്രവർത്തനരഹിതമായിരുന്നു. കശുവണ്ടി വാങ്ങുന്നതിന് 6 തവണ ടെൻഡർ വിളിച്ചുവെങ്കിലും അനുകൂലമായ ഒരു ടെൻഡറും ലഭിച്ചിരുന്നില്ല. സംസ്ഥാന സർക്കാരിന്റെ കീഴിൽ തന്നെയുള്ള കാപ്പക്സിന്റെ 10 ഫാക്ടറികളുടെയും സ്ഥിതി അത്യന്തം പരിതാപകരമായിരുന്നു. തോട്ടണ്ടിയുടെ ദൗർലഭ്യമായിരുന്നു ഫാക്ടറികൾ പ്രവർത്തിക്കാതിരുന്നതിന് കാരണമായിരുന്നത്. ഈ സാഹചര്യത്തിൽ KSCDC യിലും CAPEX ലും തോട്ടണ്ടി ലഭ്യമാക്കുന്ന വിഷയം ഒരു ഉന്നതതല സമിതി ചർച്ച ചെയ്യുകയും, പ്രസ്തുത ചർച്ചയിൽ ഉരുത്തിരിഞ്ഞ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ പേരെ ടെൻഡർ പ്രക്രിയയിൽ പങ്കാളിയാക്കാൻ |

| | | | |
|---|---|---|---|
| | | | ടെൻഡർ വ്യവസ്ഥയിൽ ചില മാറ്റങ്ങൾ അനുവദിക്കുന്നതിന് ഗവൺമെന്റ് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ വീണ്ടും ടെൻഡർ വിളിച്ചെങ്കിലും സാധ്യമായ ഒരു ടെൻഡറും ലഭിച്ചില്ല. ഈ സാഹചര്യത്തിൽ, ഫാക്ടറികൾ അടിയന്തിരമായി തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി നിശ്ചിത ഗുണനിലവാരവും വിലയും ഉറപ്പു വരുത്തി കശുവണ്ടി വാങ്ങുന്ന വിഷയത്തിൽ ഒരു പദ്ധതി തയ്യാറാക്കുന്നതിനായി ധനകാര്യ മന്ത്രി, കാഷ്യൂ വകുപ്പിന്റെ ചുമതലയുള്ള ഫിഷറീസ് വകുപ്പ് മന്ത്രി, ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി (കാഷ്യൂ) എന്നിവർ ഉൾപ്പെടുന്ന ഉന്നതതല യോഗം ചേരുകയും ഗുണനിലവാരവും ന്യായ വിലയും ഉറപ്പു വരുത്തി ലഘുദർഘാസിലൂടെ തോട്ടണ്ടി വാങ്ങുന്നതിനുള്ള അനുമതി KSCDC യ്ക്കും CAPEX നും നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. മാത്രമല്ല ചെറുകിട വെണ്ടേഴ്സിനെ കൂടി ടെണ്ടറിൽ സുഗമമായി പങ്കെടുപ്പിക്കുന്നതിനും ടെൻഡർ നടപടികൾ ചിട്ടപ്പെടുത്തുന്നതിനുമായി സ.ഉ.(ആർ.റ്റി) 717/16/വ്യവ തീയതി 1/8/2016 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.<br>ഫാക്ടറികൾ തുറന്നു പ്രവർത്തിക്കേണ്ട അടിയന്തിര സാഹചര്യം കണക്കിലെടുത്ത് മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട വെണ്ടർ മാർക്ക് പർച്ചേസ് ഓർഡർ നൽകുന്നതിന് |

| | | | |
|---|---|---|---|
| | | | KSCDC യ്ക്കും CAPEX നും അനുവാദം നൽകുകയുണ്ടായി. സർക്കാർ നിർദ്ദേശിച്ച വ്യവസ്ഥകൾ അനുസരിച്ച് ലോക്കൽ പർച്ചേസ് വഴി തോട്ടണ്ടി വാങ്ങി കോർപ്പറേഷൻ ഫാക്ടറികൾ 17/8/2016 മുതലും കാപെക്സിന്റെ നിയന്ത്രണത്തിലുള്ള ഫാക്ടറികൾ 22/9/2016 മുതലും തുറന്ന് പ്രവർത്തനം പുനരാരംഭിച്ചു. |
| (ബി) | കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കാനായി ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ; | (ബി) | കശുവണ്ടി വ്യവസായം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി ആവശ്യത്തിന് തോട്ടണ്ടി ലഭ്യമല്ല എന്നുള്ളതാണ്. തോട്ടണ്ടി ലഭ്യമാക്കുന്നതിനായി രണ്ട് മാർഗ്ഗങ്ങളാണ് അവലംബിക്കാൻ ഉദ്ദേശിക്കുന്നത്.<br>1. ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുക,<br>2. .ഇറക്കുമതി കൂട്ടുക.<br>ഇറക്കുമതി പ്രക്രിയ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ഒരു SPV രൂപീകരിക്കുന്ന വിഷയം ഗവൺമെന്റ് പരിഗണിച്ച് വരുന്നു.<br>സാമ്പത്തിക പ്രതിസന്ധി മൂലം അടച്ച് പൂട്ടിയ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി കൂടുതൽ ബാങ്ക് ഫിനാൻസ് ലഭ്യമാക്കുന്ന വിഷയം റിസർവ്വ് ബാങ്കുമായും മറ്റു ബാങ്കുകളുമായും ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. നിലവിലുള്ള ഫാക്ടറികൾ സമയബന്ധിതമായി ആധുനികവൽക്കരിച്ചും അവർക്കു വേണ്ട നാടൻ തോട്ടണ്ടിയുടെ ലഭ്യത ഉറപ്പുവരുത്തിയും ഈ രംഗത്തെ പ്രതിസന്ധി പരിഹരിക്കാ വുന്നതാണ്. കുറഞ്ഞ വിലയ്ക്ക് മേന്മയേറിയ |

| | | | |
|---|---|---|---|
| | | | തോട്ടണ്ടി ലഭ്യമാക്കുന്നതിനായി കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പക്സ് മേധാവികളും സർക്കാർ ഉദ്യോഗസ്ഥരും അടങ്ങിയ ഒരു ടീമിനെ തോട്ടണ്ടി ഉല്പാദിപ്പിക്കുന്ന രാജ്യങ്ങളിൽ അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മത്സ്യബന്ധന ഹാർബർ എഞ്ചിനീയറിംഗ് കശുവണ്ടി വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ലേബർ കമ്മീഷണർ, കശുവണ്ടി വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ, കാപ്പക്സ് മാനേജിംഗ് ഡയറക്ടർ എന്നിവർ അംഗങ്ങളായ ഒരു ടീമിനെ ടാൻസാനിയായിലേക്ക് അയയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | കിലോയ്ക്ക് 142 രൂപ നിരക്കിൽ തോട്ടണ്ടി ഇറക്കുമതി ചെയ്യുമ്പോഴും ഗുണനിലവാരം കൂടിയ തദ്ദേശീയമായി ഉല്പാദിപ്പിക്കുന്ന തോട്ടണ്ടിക്ക് കിലോയ്ക്ക് 100 രൂപയിൽ താഴെ മാത്രം ലഭിക്കുന്ന സാഹചര്യം ഒഴിവാക്കി ഗുണനിലവാരം കൂടിയ തദ്ദേശീയ തോട്ടണ്ടിയുടെ ലഭ്യത വർദ്ധിപ്പിക്കാൻ ഇടപെടൽ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ? | (സി) | തദ്ദേശീയമായി ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി ഫെബ്രുവരി മാസം മുതൽ മെയ് മാസം അവസാനം വരെ മാത്രമേ കേരളത്തിൽ ലഭ്യമാകുകയുള്ളു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴേയ്ക്കും സീസൺ കഴിഞ്ഞിരുന്നു. അടുത്ത വർഷം മുതൽ തദ്ദേശീയമായ തോട്ടണ്ടി സംഭരിക്കുന്ന കാര്യം പരിഗണനയിലുണ്ട്. കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന തോട്ടണ്ടി പൂർണ്ണമായും കാപ്പക്സിനും കശുവണ്ടി വികസന കോർപ്പറേഷനും ലഭിച്ചാലും നാലു മാസം ഫാക്ടറികൾ പ്രവർത്തിപ്പിക്കുവാൻ മാത്രമേ തികയുകയുള്ളൂ. ഇപ്പോഴത്തെ അവസ്ഥയിൽ ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടി തന്നെ ഫാക്ടറി നടത്തുവാനായി ആശ്രയിക്കേണ്ടി വരുന്നു. ഈ |

| | | | | |
|---|---|---|---|---|
| | | | | അവസ്ഥ മാറ്റുവാൻ കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുവാനും ആഭ്യന്തര കശുവണ്ടി ഉല്പാദനം കൂട്ടുവാനും അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. സർക്കാർ ഉടമസ്ഥതയിലുള്ള കശുമാവ് തോട്ടങ്ങളിലെ തോട്ടണ്ടി സംഭരിച്ച് കാഷ്യു കോർപ്പറേഷന്റേയും കാപ്പക്സിന്റേയും ഫാക്ടറികളിൽ ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ പൊതുമേഖലയിലും സ്വകാര്യ മേഖലയിലും തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനെ കുറിച്ച് ഗൗരവമായി ആലോചിച്ച് വരികയാണ്. ഇക്കാര്യം കൃഷി വകുപ്പുമായും തദ്ദേശ സ്വയംഭരണ വകുപ്പുമായും ആലോചിച്ച് സംയുക്തമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതര സംസ്ഥാനങ്ങളിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്ന കാര്യം ആലോചിക്കുന്നതിന്റെ ഭാഗമായി ആന്ധ്രപ്രദേശിലെ ശ്രീകാകുളത്തും പരിസര പ്രദേശങ്ങളിലും കശുമാവ് കൃഷി നടത്തുന്ന കാര്യം ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രി തലത്തിൽ ആലോചിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ